(ഡി) വിശദാന്വേഷണത്തിനു ശേഷമേ ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരെന്ന് വ്യക്തമാകുകയുള്ളൂ. ബഹു. കേരള ഹൈക്കോടതി മുൻപാകെ ഒ.പി. നം. 21663/99 എന്ന കേസ്സ് നിലവിലുണ്ട്.

334 (1527) ഗ്രാമപഞ്ചായത്തുകൾക്കനുവദിച്ച തുക

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഓരോ വർഷവും കൃഷിക്കുവേണ്ടി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുക എത്രയാണ്;

(ബി) ഈ പദ്ധതിപ്രകാരം ഓരോ വർഷവും കൃഷിക്കുവേണ്ടി വിവിധ ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുക എത്രയാണ്;

(സി) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഏതെല്ലാം കാർഷിക കോൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞിട്ടുണ്ട്;

(ഡി) ഇപ്രകാരം ഈ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറയുവാനുള്ള കാരണം എന്തെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം വികസന മേഖലകൾക്ക് പ്രത്യേകം തുക അനുവദിക്കുന്ന പതിവില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തുകയാണു ചെയ്യുന്നത്. 1997-98 വാർഷിക പദ്ധതിയിൽ 8173 കാർഷിക പ്രോജക്ടുകൾക്ക് 91.43 കോടി രൂപയും 1998-99-ൽ 8021 കാർഷിക പ്രോജക്ടുകൾക്ക് 87.08 കോടി രൂപയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ടായിരുന്നു.

(ബി) വിവരം ലഭ്യമല്ല.

(സി)&(ഡി) പ്രത്യേകിച്ച് ഏതെങ്കിലും കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

335 (1528) 0% ഫണ്ട് വിഹിതം ചെലവഴിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി നടപ്പാക്കുന്നതിൽ ശുഷ്കാന്തി കാണിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 വർഷത്തെ ജനകീയാസൂത്രണം ഉൾപ്പെടെയുള്ള ഫണ്ട് വിഹിതം 50%പോലും ചെലവഴിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 1999-2000 വർഷത്തെ പദ്ധതിവിഹിതത്തിൽ ആദ്യഗഡു തുക ഇതിനകം ലഭിച്ചിട്ടില്ലാത്ത തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly